ഉത്തരം

(എ—എഫ്) ഈ വിഷയം സംബന്ധിച്ച് എ. ഡി. ബി. ചുമതലപ്പെടുത്തിയിട്ടുള്ള കൺസൾട്ടന്റിന്റെ അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

പഞ്ചായത്ത് അംഗം ഗ്രാമസഭകളിൽ പങ്കെടുക്കാത്തത് സംബന്ധിച്ച് അന്വേഷണം

89 [3140] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ ശ്രീ. മനോജ് ഗംഗാധരൻ എന്ന പഞ്ചായത്ത് അംഗം ഗ്രാമസഭകളിൽ പങ്കെടുക്കാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹം മാസങ്ങളായി ഗൾഫ് രാജ്യങ്ങളിലാണ് എന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിനോ തെരഞ്ഞെടുപ്പ് കമ്മീഷനോ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) ഇദ്ദേഹം നാളിതുവരെ എത്ര പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുത്തുവെന്ന കാര്യം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ട്. ശ്രീ. മനോജ് ഗംഗാധരന്റെ പഞ്ചായത്ത് അംഗത്വം റദ്ദ് ചെയ്തുകൊണ്ടുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്കെതിരെ ടിയാൻ ഇലക്ഷൻ കമ്മീഷനിൽ പരാതി നൽകുകയും പ്രസ്തുത കാര്യം സംസ്ഥാന ഇലക്ഷൻ കമ്മീഷൻ പരിഗണിച്ച് ഉത്തരവാകുകയും ചെയ്തതിനാൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുക ഉണ്ടായില്ല.

(ഡി) 44 കമ്മിറ്റികളിൽ പങ്കെടുത്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽ സെക്രട്ടറിമാരെ സ്ഥിരമായി നിയമിക്കുന്നതിന് നടപടി

90 [3141] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിലാണ് സ്ഥിരമായി സെക്രട്ടറിമാരില്ലാത്തത്;

(ബി) സ്ഥിരമായി സെക്രട്ടറിമാരില്ലാത്തതുമൂലം മേൽപഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണത്തിൽ വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly